**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 682** **02-02-2023 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വർക്കല നിയോജക മണ്ഡലത്തിൽ ഏതെങ്കിലും പ്രദേശത്ത് വോൾട്ടേജ് ക്ഷാമം നേരിടുന്നതായി ഉപഭോക്താക്കളുടെയോ വ്യാപാരികളുടെയോ പരാതികൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | വർക്കല നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഇടവ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ നെല്ലേറ്റിൽ കടവ് പ്രദേശത്തും വർക്കല ഇലക്ട്രിക്കൽ സെക്ഷനിൽ ഉൾപ്പെടുന്ന ഇളപ്പിൽ ട്രാൻസ്ഫോർമറിന്റെ പരിസര പ്രദേശങ്ങളിലും മടവൂർ ഇലക്ട്രിക്കൽ സെക്ഷനിലെ മടവൂർ ഗ്രാമപഞ്ചായത്ത് വാർഡ് 7 (ചാലിൽ പ്രദേശം), വാർഡ് 13 (സദ്ദാം മുക്ക്) എന്നീ പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം നേരിടുന്നതായി പരാതികൾ ലഭിച്ചിരുന്നു. |
| (ബി) | എങ്കിൽ ആയവ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | ഇടവ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ പരാതി ദ്യുതി 1.0 പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പുതിയ 100 KVA ട്രാൻസ്ഫോർമർ സ്ഥാപിച്ച്. ചാർജ്ജ് ചെയ്ത് പരിഹരിച്ചിട്ടുണ്ട് . വർക്കല ഇലക്ട്രിക്കൽ സെക്ഷനിൽ ഉൾപ്പെടുന്ന പരാതി ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി പരിഹരിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. മടവൂർ ഗ്രാമപഞ്ചായത്ത് വാർഡ് 7-ലെ പരാതി ദ്യുതി 2.1 പദ്ധതിയിൽ ഉൾപ്പെടുത്തി 50% പ്രവൃത്തികൾ പൂർത്തീകരിക്കുകയും വാർഡ് 13-ലെ പരാതി ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 90% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ